പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1816 12.06.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യിലെ എം പാനൽ ഡ്രൈവർമാർ

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിലെ എം പാനൽ ഡ്രൈവർമാരെ പിരിച്ചു വിടണമെന്ന കേരള ഹൈക്കോടതി വിധിയിൽ ഇടപെടാൻ സുപ്രീം കോടതി വിസമ്മതിച്ചത് കെ.എസ്. ആർ.ടി.സി.യുടെ പ്രവർത്തനത്തെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യിലെ എംപാനൽ ഡ്രൈവർമാരെ പിരിച്ചുവിടണമെന്ന ബഹു. കേരള ഹൈക്കോടതി വിധിയിൽ ഇടപെടാൻ സുപ്രീംകോടതി വിസമ്മതിച്ചത് കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനത്തെ പ്രതിസന്ധിയിലാക്കിയിട്ടില്ല. വിധി നടപ്പിലാക്കുവാൻ ബഹു. സുപ്രീം കോടതി ജൂൺ 30 വരെ സമയം അനുവദിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ കെ.എസ്.ആർ.ടി.സി. യിൽ എത്ര എം പാനൽ ഡ്രൈവർ മാരുണ്ട്; അവർക്ക് ദിവസവേതന മായി എത്ര തുകയാണ് നൽകുന്ന തെന്ന് അറിയിക്കുമോ; | (ബി) | നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ 1549 താൽക്കാലിക ഡ്രൈവർമാരുണ്ട്; 2019 മേയ് മാസത്തിലെ വേതനം നൽകിയ ഇനത്തിൽ ടി ജീവനക്കാർക്ക് 1,80,87,311 രൂപ നൽകിയിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊള്ളു വാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാ ക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യിലെ എം പാനൽ ഡ്രൈവർമാരെ പിരിച്ചുവിടണമെന്ന ബഹു. ഹൈക്കോടതി വിധിയിൽ ഇടപെടാൻ ബഹു.സുപ്രീം കോടതി വിസമ്മതിച്ചത് കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തനത്തെ നിലവിൽ പ്രതിസന്ധിയിലാക്കി യിട്ടില്ല. |

**സെക്ഷൻ ഓഫീസർ**